**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 11.07.2016-ൽ |
| ചോദ്യം നമ്പർ - 737 | മറുപടിയ്ക്ക് |

**വാമനപുരം-ചിറ്റാർ (വി.സി) റോഡ്**

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | ഉത്തരം<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ (വി.സി) റോഡ് പുനർ നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചതെന്നും എന്നാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ; | (എ) വാമനപുരം നിയോജക മണ്ഡലത്തിലെ വാമനപുരം-ചിറ്റാർ (വി.സി) റോഡ് പുനർനിർമ്മിക്കുന്നതിന് 7 കോടി രൂപ **01.10.2015-**ൽ അനുവദിച്ചു. |
| (ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) 18.5 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്. ഇതിന്റെ ഒന്നാം ഘട്ട പ്രവൃത്തിക്കായി 7 കോടി രൂപയാണ് വേണ്ടിയിരുന്നത്. |
| (സി) ഇപ്പോൾ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത റോഡിന്റെ പണി പൂർത്തീകരിക്കുന്നതിന് ഈ തുക പര്യാപ്തമാണോ; ബാക്കി തുക എപ്പോൾ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) പര്യാപ്തമല്ല . പ്രസ്തുത റോഡ് പ്രവൃത്തിയുടെ ഒന്നാം ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിക്കുന്നതാണ് |
| (ഡി) വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത റോഡിന്റെ പണികൾ ഇതുവരെയും ആരംഭിക്കാത്തതെന്ന് വിശദമാക്കുമോ? | (ഡി) ആദ്യ തവണ ദർഘാസ് ക്ഷണിച്ചതിൽ കരാറുകാരാരും ക്വാളിഫൈ ചെയ്തിട്ടില്ല. രണ്ടാം തവണത്തെ ദർഘാസ് തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലനിന്നിരുന്നതിനാൽ തിരഞ്ഞെടുപ്പ് കഴിഞ്ഞാണ് തുറന്നത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായതിനാൽ അംഗീകാരത്തിനു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ